**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **31.10.2019-ൽ മറുപടിയ്ക്ക്**

**ചോദ്യം നം.1517**

## ഹാർബർ നിർമ്മാണത്തിലെ അപാകതകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ**<br>**,, പി.ഉബൈദുള്ള**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**,, കെ.എൻ.എ ഖാദർ :** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണം മൂലം പതിവായി മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുന്നതായും മരണമടയുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കേന്ദ്രഗവണ്മെന്റ് സ്ഥാപനമായ പൂനെയിലെ CWPRS-ന്റെ മാതൃകാപഠനം അനുസരിച്ചാണ് മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം നിർമ്മിച്ചിരിക്കുന്നത്. മൺസൂൺ കാലത്ത് കടൽക്ഷോഭമുള്ള സമയങ്ങളിൽ ഹാർബറിന്റെ പ്രവേശന കവാടത്തിൽ തിരയിളക്കവും തിര മുറിയുന്ന പ്രതിഭാസവും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നിർമ്മാണത്തിലെ പിഴവ് മൂലമല്ല. നദീമുഖ ഹാർബറുകളിൽ ഇത്തരം പ്രതിഭാസം ഉണ്ടാകാറുണ്ട്.<br>മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ പൊഴിമുഖത്ത് ആഴം കൂട്ടുന്നതിന് M/S അദാനി പോർട്ടിനെ ചുമതലപ്പെടുത്തുകയും ഡ്രഡ്ജിംഗ് പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. അതിനുശേഷം തുറമുഖത്തെ അപകടം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. |
| (ബി) | ഹാർബർ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**